(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്ക് മുൻപുതന്നെ റിപ്പോർട്ട് ചെയ്ത 2 ഒഴിവുകളിലേക്ക് കോടതിയുടെ നിർദ്ദേശത്തെ തുടർന്ന് നിയമന ശുപാർശ നൽകിയിട്ടില്ല.

'കോഴിത്തീറ്റ ഫാക്ടറി കെട്ടിടം'

128 (3057) ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽപ്പെടുന്ന കഴൂരിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള കോഴിത്തീറ്റ ഫാക്ടറി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം പുനരാരംഭിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാര്യത്തിലുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15.01.1998-ൽ സർക്കാർ തലത്തിൽ കൂടിയ യോഗത്തിൽ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ കുഴൂരിൽ നടപ്പിലാക്കുന്ന കോഴിത്തീറ്റ നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനങ്ങൾ നിറുത്തിവയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മാള നിയോജകമണ്ഡലത്തിൽതന്നെ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞ കേരള ഫീഡ്സ് എന്ന സ്ഥാപനത്തിൽ കോഴിത്തീറ്റയും നിർമ്മിക്കാവുന്ന വസ്തുത കൂടി കണക്കിലെടുത്താണ് ഈ തീരുമാനം കൈക്കൊണ്ടത്.

ടി ഉന്നതതലയോഗം, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ കോഴിത്തീറ്റ നിർമ്മാണ ഫാക്ടറിക്കുവേണ്ടി വാങ്ങിയ സ്ഥലവും ഭാഗികമായോ പൂർണ്ണമായോ പൂർത്തിയാക്കിയ കെട്ടിടങ്ങളും സർക്കാരിനോ, ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾക്കോ കൈമാറ്റം ചെയ്യുകയോ കമ്പോളവിലയ്ക്ക് വിൽക്കുകയോ ചെയ്യണമെന്ന് തീരുമാനിച്ചിരുന്നു. ഇതുപ്രകാരം സ്ഥലത്തിന്റെ വില നിർണ്ണയിക്കുന്നതിന് ജില്ലാ റവന്യൂ അധികാരികളെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കൂടാതെ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സ് നിർദ്ദേശിച്ച ഒരു വാല്യുവർ മുഖേന ഭാഗികമായോ പൂർണ്ണമായോ പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ മൂല്യം നിർണ്ണയിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കെട്ടിടനിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ഒന്നുംതന്നെ എടുത്തിട്ടില്ല.

(സി) കോഴിത്തീറ്റ നിർമ്മാണ ഫാക്ടറിക്ക് വേണ്ടി വാങ്ങിയ സ്ഥലവും ഭാഗികമായോ പൂർണ്ണമായോ പൂർത്തിയാക്കിയ കെട്ടിടങ്ങളും മുകളിൽ പ്രതിപാദിച്ച രീതിയിൽ ഏതെങ്കിലും സ്ഥാപനത്തിന് കൈമാറണമെന്നാണ് ഉദ്ദേശിക്കുന്നത്. ഈ സ്ഥലത്ത് മറ്റെന്തെങ്കിലും ചെയ്യാമോ എന്ന കാര്യവും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly